"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് - 2015 - 16 - തൃത്താല നിയോജക മണ്ഡലം - 18 സ്മാർട്ട് ബസ് ഷെൽട്ടറു കളുടെ നിർമ്മാണം - ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ ഇഡബ്ല്യൂബി) വകുപ്പ്**

G.O.(Rt) No.239/2021/LSGD    തീയതി, തിരുവനന്തപുരം, 29/01/2021

പരാമർശം:- 1 25/02/2016 ലെ സ. ഉ. (സാധാ) നമ്പർ: 650/2016/തസ്വഭവ.

2 03/03/2017 ലെ സ. ഉ. (സാധാ) നമ്പർ: 974/2017/തസ്വഭവ.

3 ബഹു: എം.എൽ.എ ശ്രീ വി ടി ബൽറാം അവർകളുടെ 18/02/2017 ലെ TRLA/84/17 നമ്പർ കത്ത്.

4 04/11/2020 ലെ സ. ഉ. (സാധാ) നമ്പർ: 6282/2020/ധന.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ തൃത്താല നിയോജക മണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലായി 18 സ്മാർട്ട് ബസ് ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിനു ബഹു: എം.എൽ.എ ശ്രീ വി ടി ബൽറാം അവർകളുടെ 2015 - 16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 53,10,000 രൂപാ വിനിയോഗിക്കാൻ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ആദ്യ ഉത്തരവിൽ SIDCO ആയിരുന്നു നിർവ്വഹണ ഏജൻസിയെങ്കിലും തുടർന്ന് നിർവ്വഹണ ചുമതല പരാമർശം (2) പ്രകാരം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് കൈമാറിയിരുന്നു.

നിർവ്വഹണ ഏജൻസിയിൽ മാറ്റം വന്നതിനാലും ബസ് ഷെൽട്ടറുകൾ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിൽ കാലതാമസം നേരിട്ടതിനാലും ഭരണാനുമതിയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകണമെന്ന് പരാമർശം (3) പ്രകാരം ബഹു: എം.എൽ.എ ആവശ്യപ്പെട്ടിരുന്നു.

ബഹു: എം.എൽ.എ ശ്രീ വി ടി ബൽറാം അവർകളുടെ 2015 - 16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തൃത്താല നിയോജക മണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലായി 18 സ്മാർട്ട് ബസ് ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന് 53,10,000 രൂപാ വിനിയോഗിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പരാമർശം (4) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ബഹു: തൃത്താല എം.എൽ.എ ശ്രീ വി ടി ബൽറാം അവർകളുടെ 2015 - 16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 53,10,000 രൂപാ വിനിയോഗിച്ച് തൃത്താല നിയോജക മണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലായി 18 സ്മാർട്ട് ബസ് ഷെൽട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
ADDITIONAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ധനകാര്യ(നോഡൽ സെന്റർ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആഡിറ്റ്, എൽബിഎ &എ)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ